(ബി) 52 ഇനം പഴം-പച്ചക്കറികളും ഗുണനിലവാരം ഉറപ്പാക്കി മിതമായ വിലയ്ക്ക് തിരുവനന്തപുരത്തെ ഹരിത സ്റ്റോറുകളും വഴി വർഷം മുഴുവൻ വിതരണം ചെയ്യുന്ന പ്രകിയ കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർന്നുവരുന്നു. കൂടാതെ ഉൽസവകാലങ്ങളിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനും, വില നിലവാരം പിടിച്ചു നിർത്തുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് ഓണക്കാല പച്ചക്കറി ചന്തകളും എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരത്ത് കോർപ്പറേഷന്റെ നേരിട്ടുള്ളതും ഏജൻസി വ്യവസ്ഥയിലുള്ളതുമായ 15 ചില്ലറ വിൽപ്പനശാലകളും ദിവസേന 5 ടണ്ണോളം ഗുണനിലവാരമുള്ള പഴം, പച്ചക്കറികളും മിതമായ വിലയ്ക്ക് വിറ്റുവരുന്നു.

കുരുമുളകിന് ടെക്നോളജി മിഷൻ സ്ഥാപിച്ചതിന് ലഭിച്ച കേന്ദ്ര സഹായം

17 [1941] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളകിന് ഒരു ടെക്നോളജി മിഷൻ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് ലഭിച്ചത്?

ഉത്തരം

(എ, ബി) ഇതിലേക്കായി 218.23 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്.

ഔഷധ-സുഗന്ധ ചെടികളും നട്ടുവളർത്തൽ പദ്ധതി

18 [1943] ശ്രീ. എ. യൂനുസ്കുഞ്ഞ്:
,, കല്ലടി മുഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, കെ. കെ. അബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധമൂല്യമുള്ളതും അരോമാറ്റിക്കായിട്ടുള്ളതുമായ ചെടികളും നട്ടുവളർത്തുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധന സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവാക്കി;

(ഡി) ഇത് കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly